സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവേഴ്സ്, കിള്ളിപ്പാലം, കരമന
തിരുവനന്തപുരം
തീയതി :19-11-2026

പത്രക്കുറിപ്പ്

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് – "ചെറുകിട നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി 2026"- 2 ലക്ഷം രൂപ വരെയുള്ള പഴയകാല നികുതി കുടിശ്ശികകൾ പിഴയും പലിശയും ഉൾപ്പെടെ പൂർണ്ണമായും ഒഴിവാക്കും

തിരുവനന്തപുരം: 2026 ജൂൺ 19-ന് അവതരിപ്പിച്ച 2026-2027 ലെ സംസ്ഥാന ബഡ്ജറ്റിലെ, **"ചെറുകിട നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി-2026"** പ്രകാരം വ്യാപാരികൾക്ക് ഇളവുകളോടെ നികുതി കുടിശ്ശികകൾ തീർപ്പാക്കാം.

ജി.എസ്.ടി. നിയമം വരുന്നതിനു മുൻപ് നിലനിന്നിരുന്ന വിവിധ നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട് വളരെ പഴക്കമേറിയതും, ചെറിയ തുകകൾ ഉൾപ്പെടുന്നവയും ആയ നിരവധി കുടിശ്ശികകൾ നിലനിൽക്കുന്നുണ്ട്. ഈ മുൻകാല നികുതി നിയമങ്ങളുമായി ബന്ധപ്പെട്ടുള്ള, 2017-18 സാമ്പത്തിക വർഷം വരെയുള്ള നികുതി നിർണ്ണയ ഉത്തരവുകളിൽ, രൂപ അമ്പതിനായിരം (50000/-) വരെയുള്ള കുടിശ്ശികകളെ, മുൻ ആംനെസ്റ്റി പദ്ധതി പ്രകാരം ഒഴിവാക്കിയിരുന്നു. നിലവിലെ പദ്ധതി പ്രകാരം, രൂപ അമ്പതിനായിരത്തിന് (50,000/-) മുകളിൽ വരുന്നതും എന്നാൽ രൂപ രണ്ടു ലക്ഷം (2,00,000/-) കവിയാത്തതുമായ നികുതി തുകയുള്ള കുടിശ്ശികകളെ, അവയുടെ പിഴയും പലിശയും അടക്കം പൂർണ്ണമായും ഒഴിവാക്കുന്നതായിരിക്കും. ചെറുകിട വ്യാപാരികൾക്ക് വളരെയേറെ ആശ്വാസം നൽകുന്ന ഒരു സുപ്രധാന തീരുമാനമാണ് 2026-2027 ലെ സംസ്ഥാന ബഡ്ജറ്റിൽ കേരളം

സംസ്ഥാന സർക്കാർ കൈക്കൊണ്ടിരിക്കുന്നത്.

കേരള മൂല്യ വർധിത നികുതി നിയമം (Kerala Value Added Tax Act), കേരള പൊതുവിൽപ്പന നികുതി നിയമം (The Kerala General Sales Tax Act), കേരള നികുതിയിന്മേലുള്ള സർചാർജ് നിയമം (The Kerala Surcharge on Taxes Act), കേരള കാർഷിക ആദായ നികുതി നിയമം (The Kerala Agricultural Income Tax Act) , കേരള ആഡംബര നികുതി നിയമം (The Kerala Tax on Luxuries Act), കേന്ദ്ര വിൽപന നികുതി നിയമം (The Central Sales Tax Act) എന്നീ മുൻകാല നിയമങ്ങളോടനുബന്ധിച്ചുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരമാണ് ഈ പദ്ധതി പ്രകാരം ലഭ്യമായിരിക്കുന്നത്.

ഈ പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്ന കേസുകളിൽ, നിലവിൽ ആരംഭിച്ചിട്ടുള്ള റവന്യൂ റിക്കവറി (Revenue Recovery) നടപടികൾ പിൻവലിച്ചതായി കണക്കാക്കും.

നികുതിദായകർ ഇതിനായി പ്രത്യേകം ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതില്ല. യോഗ്യരായ നികുതിദായകർ/ഉണഭോക്താക്കൾ തങ്ങളുടെ കുടിശ്ശികകൾ തീർപ്പാക്കിയതിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലേക്കായി തങ്ങളുടെ ജില്ലാ ജോയിന്റ് കമ്മീഷണർ, ടാക്സ്പേയർ സർവ്വീസസ് ഓഫീസിന് കീഴിലുള്ള അരിയർ റിക്കവറി വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്. അധികാരികൾ വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് അരിയർ സെറ്റിൽമെന്റ് സർട്ടിഫിക്കറ്റ് (Certificate of Settlement) അനുവദിക്കും. ഈ ആനുകൂല്യം 2027 മാർച്ച് 31 വരെ തീർപ്പാക്കുന്ന നികുതി നിർണ്ണയ ഉത്തരവുകളിലെ നികുതി കുടിശ്ശികകൾക്കു ബാധകമായിരിക്കും. എന്നാൽ ഈ ആനുകൂല്യം, കേരള പൊതു വിൽപ്പന നികുതി നിയമം പ്രകാരമുള്ള മദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട കുടിശ്ശികകൾക്കു ബാധകമായിരിക്കുകയില്ല.

വർഷങ്ങളായി നിലനിൽക്കുന്ന ചെറുകിട നികുതി ബാധ്യതകളിൽ നിന്ന് നിയമപരമായ ഇളവ് നേടി ബിസിനസ് രംഗത്ത് കൂടുതൽ സജീവമാകാൻ വ്യാപാരികൾക്ക് ലഭിക്കുന്ന സുവർണ്ണാവസരമാണിത്. അർഹരായ എല്ലാ വ്യാപാരികളും സമയബന്ധിതമായി ഈ പദ്ധതി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ബന്ധപ്പെട്ട ടാക്സ്പേയർ സർവ്വീസസ് ജോയിന്റ് കമ്മീഷണർ ഓഫീസുകളുമായോ, പ്രസ്തുത ഓഫീസുകളുടെ കീഴിലുള്ള അരിയർ റിക്കവറി ഓഫീസുകളുമായോ ബന്ധപ്പെടാവുന്നതാണ്.

COMMISSIONER